(ബി) കേരളത്തിലെ ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിൽനിന്നും പ്രാദേശിക വിൽപ്പനയ്ക്ക് ശേഷമുള്ള മുഴുവൻ പാലും മിൽമ മേഖലാ യൂണിയനുകൾവഴി സംഭരിക്കുന്നുണ്ട്. ഇപ്രകാരം സംസ്ഥാനത്തിനകത്തുനിന്നും സംഭരിക്കുന്ന പാൽ വിപണനത്തിനു തികയാതെ വരുന്ന സാഹചര്യത്തിൽ ഈ അന്തരം നികത്തുന്നതിനു വേണ്ടിമാത്രമാണ് പാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്നത്. ഇപ്രകാരം പാൽ വാങ്ങി വിൽക്കുമ്പോൾ കർഷകർക്ക് ലഭിക്കേണ്ട ഒരു ആനുകൂല്യവും നഷ്ടപ്പെടുന്നില്ല മാത്രമല്ല, ഇതിൽ ലാഭം ഉണ്ടായാൽ മിൽമയുടെ മേഖലാ യൂണിയനുകൾ വിവിധ പദ്ധതികളിലൂടെ അത് ക്ഷീരകർഷകർക്ക് തന്നെ നൽകുകയാണ് ചെയ്യുന്നത്.

(സി) കർണ്ണാടക ക്ഷീരസഹകരണ ഫെഡറേഷനിൽനിന്നും Raw Chilled milk Rs.27.50/kg (3.5% കൊഴുപ്പും 8.5% ഖരപദാർത്ഥങ്ങളും) സ്കിമ്മ്ഡ് മിൽക്കിന് Rs.22.25 /kg രൂപയ്ക്കുമാണ് പാൽ ഇറക്കുമതി ചെയ്യുന്നത്. മിൽമയോ കർണ്ണാടക ക്ഷീരസഹകരണ ഫെഡറേഷനോ ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ ഈ വില പുതുക്കി നിശ്ചയിക്കുന്നു.

തമിഴ്നാട് ക്ഷീരസഹകരണ ഫെഡറേഷനിൽനിന്നും Raw Chilled milk ന് Rs.229.00/kg TS (ആകെയുള്ള ഖര പദാർത്ഥങ്ങൾക്ക്), സ്കിമ്മ്ഡ് മിൽക്കിന് Rs.218.00/Kg TS(ആകെയുള്ള ഖര പദാർത്ഥങ്ങൾക്ക്) ആണ് നൽകുന്നത്. മിൽമയോ തമിഴ്നാട് ക്ഷീരസഹകരണ ഫെഡറേഷനോ ആവശ്യപ്പെടുന്ന ഘട്ടങ്ങളിൽ ഈ വില പുതുക്കി നിശ്ചയിക്കുന്നു.

മേൽ കാണിച്ചിരിക്കുന്ന വിലയ്ക്ക് പുറമെ അന്യസംസ്ഥാനങ്ങളിലെ ഡയറികളിൽനിന്നും കേരളത്തിൽ പാൽ എത്തിക്കുന്നതിനുള്ള കടത്തുകൂലിയും മിൽമ വഹിക്കുന്നുണ്ട്.

മിൽമയുടെ പ്രവർത്തനം

60 (4095) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) മിൽമ പ്രതിദിനം 11 ലക്ഷം ലിറ്റർ പാൽ സംഭരിച്ച് 12.5 ലക്ഷം ലിറ്റർ ആയി വർദ്ധിപ്പിച്ച് വിൽക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ ;

(സി) സംഭരിക്കുന്നതിലും കൂടുതൽ പാൽ വിൽക്കുന്നത് എങ്ങനെയെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേരളത്തിൽനിന്നും പ്രതിദിനം സംഭരിക്കുന്ന പതിനൊന്ന് ലക്ഷം ലിറ്റർ പാലിനു പുറമെ മിൽമ അന്യസംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ സഹകരണ ക്ഷീര ഫെഡറേഷനുകളിൽനിന്നും പ്രതിദിനം 1.5 ലക്ഷം ലിറ്റർ പാൽ കൂടി സംഭരിച്ച് വിൽക്കുകയാണ് ചെയ്യുന്നത്.

കവർപാലിൽ ഫോർമാലിന്റെ സാന്നിദ്ധ്യം

61 (4096) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമ വിതരണം ചെയ്യുന്ന കവർപാലിൽ 'ഫോർമാലിൻ' ചേർക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ജനങ്ങളുടെ ആശങ്ക തീർക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മിൽമ വിതരണം ചെയ്യുന്ന കവർപാലിൽ രാസവസ്തുക്കൾ ചേർക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ഇത്തരം ആശങ്കകൾക്ക് അടിസ്ഥാനമില്ല.

ക്ഷീരമേഖലയിലെ സ്വയംപര്യാപ്തത

62 (4097) ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീരമേഖല സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിനുള്ള നടപടികൾക്ക് രൂപം നല്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly